CCM(31) 2013-14

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

## 12.02.2014 ൽ കൂടിയ സംസ്ഥാനതല കോ–ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8.30–ന് സെക്രട്ടേറിയറ്റിലെ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയും ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും യോഗത്തിൽ സന്നിഹിതരായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2014–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013–14 വാർഷിക പദ്ധതിയിൽ ഇതുവരെ 2022 കോടി രൂപ ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു. ഗ്രാമപഞ്ചായത്തുകൾ 50% തുകയാണ് ചെലവഴിച്ചത്. ബ്ലോക്ക് പഞ്ചായത്തുകൾ 63 ശതമാനവും ജില്ലാ പഞ്ചായത്തുകൾ 40 ശതമാനവുമാണ് ഈ വർഷം ഇതേവരെ ചെലവഴിച്ചത്. മുനിസിപ്പാലിറ്റികൾ ഈ വർഷം 40 ശതമാനവും കോർപ്പറേഷനുകൾ 34 ശതമാനവും തുക ചെലവാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്തുകൾ 1306 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 325 കോടി രൂപയും ജില്ലാ പഞ്ചായത്ത് 233 കോടി രൂപയും മുനിസിപ്പാലിറ്റികൾ ഈ വർഷം 171 കോടി രൂപയും രൂപയും, കോർപ്പറേഷനുകൾ 92 കോടി രൂപയുമാണ് ചെലവാക്കിയത്.

മുൻവർഷം ഇതേ കാലയളവിൽ ഗ്രാമപഞ്ചായത്തുകൾ 21 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 44 ശതമാനവും, മുനിസിപ്പാലിറ്റികൾ 21 ശതമാനവും കോർപ്പറേഷനുകൾ 16 ശതമാനവുമാണ് ചെലവാക്കിയിരുന്നത്.

**2.2** വെറ്ററിനറി ഡോക്ടർമാർ സമരത്തിലായതിനാൽ മൃഗസംരക്ഷണ–ക്ഷീര വികസന മേഖലയിലെ ഭേദഗതി പ്രോജക്ടുകൾ വെറ്റിംഗിനു വിധേയമാകുന്നില്ലെന്നും പ്രസ്തുത പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തുന്നതിനാൽ വാലിഡേഷൻ പൂർണ്ണമാകാതെ വരികയും മറ്റു ഭേദഗതി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാതെ വരികയും ചെയ്യുന്നു എന്ന് വേളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാതിപ്പെട്ടത് യോഗം പരിഗണിച്ചു. പല തദ്ദേശഭരണ സ്ഥാപനങ്ങളെയും ബാധിക്കുന്ന പൊതു പ്രശ്നമായിതിനാൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് അനുവദിച്ച് തീരുമാനിച്ചു. മുൻ നിർദ്ദേശപ്രകാരം ഫെബ്രുവരി 15നകം ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ പാസ്സാക്കുന്നത് ട്രഷറി റിക്കൺസലിയേഷൻ, ഒരു അക്കൗണ്ടിൽ നിന്നും മറ്റൊരു അക്കൗണ്ടിലേയ്ക്ക് ഫണ്ട് മാറ്റുന്നത് തുടങ്ങിയവ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ട്രഷറി ഡയറക്ടർ, ധനകാര്യവകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, പഞ്ചായത്ത് ഡയറക്ടർ എന്നിവരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**2.4** പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ടിരുന്ന മാവിലർ, കരിമ്പാലർ എന്നീ സമൂദായങ്ങളെ രണ്ടു വർഷം മുൻപ് പട്ടികവർഗ വിഭാഗങ്ങളിലേയ്ക്ക് ഡീ ക്ലാസിഫൈ ചെയ്യുകയുണ്ടായെങ്കിലും എസ്.സി.പി. ടി.എസ്.പി ഫണ്ടുകൾ ഇപ്പോഴും സെൻസസ് കണക്കുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തു പോരുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്ന് യോഗം വിലയിരുത്തി. സംസ്ഥാന ആസൂത്രണ ബോർഡ്, ധനകാര്യ വകുപ്പ് എന്നിവരുമായും ചർച്ച ചെയ്ത് പ്രശ്ന പരിഹാരമുണ്ടാക്കുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ യോഗം ചുമതലപ്പെടുത്തി.

**2.5** തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD സ്പെസിഫിക്കേഷൻ പ്രാവർത്തിക മാക്കുന്ന സാഹചര്യത്തിൽ CPWD ഡാറ്റ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള മാർഗരേഖ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചത് സർക്കാർ ഉത്തരവായി പുറപ്പെടുവിക്കാൻ യോഗം തീരുമാനിച്ചു.

**2.6** വേനൽക്കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈക്കൊള്ളുന്ന നടപടികളെയും അതിന് വിനിയോഗിക്കുന്ന ഫണ്ടുകളെയും സംബന്ധിച്ച് മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ പൊതു മാനദണ്ഡങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണെന്ന് യോഗം തീരുമാനിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 തൃക്കരുവ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3401/ഡി.ഡി2/14/തസ്വഭവ)

**തീയതി 12.02.2014**

2013–14 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ പട്ടികജാതി വിഭാഗക്കാരുടെ ഭൂമി കയ്യാലകെട്ടി സംരക്ഷിക്കുന്ന പദ്ധതി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 പാമ്പാക്കുട ഗ്രാമപഞ്ചായത്ത് (ഫയൽ നം. 3749/ഡി.ഡി2/14/തസ്വഭവ)

**തീയതി 12.02.2014**

പഞ്ചായത്തിലെ സർക്കാർ/എയിഡഡ് സ്ക്കൂളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യാനുള്ള പദ്ധതിയിൽ 10–ാംക്ലാസ്സ് മുതലുള്ളവർക്ക് സ്ക്കൂളിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ച് നൽകുന്നതിനും പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ലെന്ന് ഉറപ്പുവരുത്തിയും നടപ്പാക്കാൻ അനുവദിച്ചു തീരുമാനിച്ചു. വിദ്യാർത്ഥികളുടെ താമസം ഏതു പഞ്ചായത്തിൽ എന്നത് ഇതിന് ബാധകമല്ലെന്നതും നിശ്ചയിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 തേവലക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം. 1313/ഡി.ഡി2/14/തസ്വഭവ)

**തീയതി 12.02.2014**

അന്ധത നിവാരണ പദ്ധതി എന്ന പ്രോജക്ട് പ്രകാരം 230 പേർക്ക് കണ്ണട വിതരണം ചെയ്യാനുള്ള പരിപാടി നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 പന്തലായനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.1781/ഡി.ഡി.2/13/തസ്വഭവ)**
**തീയതി 12.02.2014**

പന്തലായനി ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന കൃഷി ഭൂമി സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കാൻ CWDRM ന് അഡ്വാൻസായി 2.50 ലക്ഷം രൂപ നൽകാനുള്ള ആവശ്യം വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും കരാർ വ്യവസ്ഥയിൽ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള കാലാവധി നിഷ്ക്കർഷിക്കണമെന്ന നിബന്ധനയോടെ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം1787/ഡി.ഡി.2/13/തസ്വഭവ)**
**തീയതി 12.02.2014**

സമ്പൂർണ്ണ വിദ്യാഭ്യാസ പരിപാടി പ്രകാരം 2013-14 വാർഷിക പദ്ധതിയിൽ 9600 പഠിതാക്കളെ നാലാംതരം തുല്യത പരീക്ഷയിലൂടെ പ്രൈമറി വിദ്യാഭ്യാസം നൽകാനുള്ള പദ്ധതി അംഗീകരിച്ചു തീരുമാനിച്ചു. സൂക്ഷ്മ മേഖലാ കോഡ് നൽകാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 നെടുമ്പന ഗ്രാമപഞ്ചായത്ത് (ഫയൽ നം. 6323/ഡി.എ2/14/തസ്വഭവ)**
**തീയതി 12.02.2014**

ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന കലാക്ഷേത്രം, കലാഗ്രാമം പദ്ധതിക്കുള്ള പരിശീലകർക്ക് ഹോണറേറിയം നൽകുന്നതിനും സംഗീത ഉപകരണങ്ങൾ വാങ്ങാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 7714/ഡി.എ2/14/തസ്വഭവ)**
**തീയതി 12.02.2014**

50 ശതമാനം സബ്സിഡിയോടെ പച്ചക്കറി തൈകൾ അടങ്ങിയ ഗ്രോബാഗ് നൽകാനുള്ള പദ്ധതിയിൽ ഗ്രോബാഗിന് 50 ശതമാനം സബ്സിഡി പരമാവധി 75 രൂപ എന്ന നിരക്കിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ചിറക്കടവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 7095/ഡി.എ2/14/തസ്വഭവ)**
**തീയതി 12.02.2014**

2013-14 വർഷത്തെ സ്പിൽഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയ 175000/- രൂപ അടങ്കലുള്ള നാല് മരാമത്ത് പ്രവൃത്തികൾ നടത്താൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 4504/ഡി.എ2/14/തസ്വഭവ)**
**തീയതി 12.02.2014**

ബഡ്സ് സ്ക്കൂളിലെ മാനസിക–ശാരീരിക വൈകല്യമുള്ള എല്ലാപേർക്കും ആനുകൂല്യം നൽകാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ഇത് സംബന്ധിച്ച് വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കേരള അർബൻ ആന്റ് റൂറൽ ഡെവലപ്മെന്റ് ഫൈനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (ഫയൽ നം. 4841/ഐ.എ2/14/തസ്വഭവ)തീയതി.12.02.2014**

വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ KURDFCക്ക് വായ്പ തുകയിനത്തിൽ കുടിശ്ശികയായി നൽകാൻ ബാക്കിയുള്ള തുക പശ്ചാത്തല മേഖല ഫണ്ടിൽ നിന്നും ഈടാക്കി നൽകാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

**3.11 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 47359/ഡി.ബി.1/13/തസ്വഭവ)**
**തീയതി.12.02.2014**

മലപ്പുറം ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന പ്രതീക്ഷാ പദ്ധതിയിലെ ടീച്ചർ/ വോളണ്ടിയർ, ആയമാർ എന്നിവർക്ക് ഹോണറേറിയം നൽകാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 60032/എബി3/13/തസ്വഭവ)**
**തീയതി.12.02.2014**

2011–12 വാർഷിക പദ്ധതിയിൽ വികലാംഗരായ വിദ്യാർത്ഥികൾക്ക് കുട വിതരണം എന്ന പദ്ധതി നടപ്പാക്കിയതിനുള്ള തുക തനത് ഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 അറക്കുളം ഗ്രാമപഞ്ചായത്ത് *(ഫയൽ നം. 7007/ഡി.എ2/14/തസ്വഭവ)***
**തീയതി 12.02.2014**

പട്ടയവും കൈവശാവകാശ രേഖയും ഇല്ലാത്തവർക്ക് ആനുകൂല്യം നൽകാനുള്ള ആവശ്യം കൃഷി ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, വാർഡ് മെമ്പർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരടങ്ങുന്ന കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കാൻ പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിവേദനം (ഫയൽ നം. 7042/ഇ.എം.2/14/തസ്വഭവ) തീയതി 12.02.2014**

ICODD മീറ്റിംഗിൽ പങ്കെടുത്ത് മടങ്ങുമ്പോൾ അപകടത്തിൽപ്പെട്ട പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ചുള്ളാളം രാജന്റെ ചികിത്സ ചെലവ് ICODD ഫണ്ടിൽ നിന്നും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ – സബ്സിഡി മാർഗരേഖയിൽ ഭേദഗതി തീയതി 12.02.2014**

പരിഷ്ക്കരിച്ച സബ്സിഡി മാർഗരേഖയിൽ മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനം നൽകാൻ വ്യവസ്ഥയുള്ളത് വിശദീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു. സി.എഫ്.എൽ ബൾബ് വിതരണം അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ – പ്രോജക്ട് അംഗീകാരവും സാങ്കേതികാനുമതി പരിധിയും തീയതി 12.02.2014**

മരാമത്ത് പ്രവൃത്തികളുടെ അംഗീകാരം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ നിർദ്ദേശം അനുസരിച്ച് 2014–15–ലെ പദ്ധതി രൂപീകരണ മാർഗരേഖയിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് തീയതി 12.02.2014**

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്ന ഡയാലിസിസ് യൂണിറ്റിലൂടെ നിർദ്ധനരോഗികൾക്ക് ഡയാലിസിസ് നടത്തിക്കൊടുക്കുന്നതിനുള്ള കോർപ്പസ് ഫണ്ടായി ഉപയോഗിക്കാൻ വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ നൽകുന്നതിന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിനെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 സാമൂഹ്യനീതി വകുപ്പ് –സ്ക്കൂൾതല പ്രതിരോധത്തിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. തീയതി 12.02.2014**

സാമൂഹ്യനീതി വകുപ്പുമുഖേന നടത്തുന്ന നിർഭയ പദ്ധതിയിൽ കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളിൽ തായ്ക്വണ്ട, ജൂഡോ എന്നിവയിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകാൻ പ്രോജക്ട് രൂപീകരിക്കുന്നതിന് ഫണ്ട് വിനിയോഗിക്കാൻ ത്രിതല പഞ്ചായത്തുകളെ അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് തീയതി 12.02.2014**

ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ കുടിവെള്ള വിതരണവും കിണറുകളുടെ റിപ്പയറിംഗിനും ചെലവായ 1050000/– രൂപ തനത് ഫണ്ടിൽ നിന്നും അനുവദിക്കാനുള്ള ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത്     തീയതി 12.02.2014**

ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കുന്ന അംഗനവാടികൾക്ക് ഭക്ഷ്യസംഭരണപ്പെട്ടി, സാൾട്ടർ സ്കെയിൽ ലഭ്യമാക്കൽ, ചുറ്റുമതിൽ നവീകരണം പഞ്ചായത്തുകൾക്കുള്ള വിഹിതം എന്നീ പദ്ധതികൾക്ക് നിലവിലുള്ള മാർഗരേഖപ്രകാരം തുക ചെലവാക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയോഗം 19.02.2014 ന് രാവിലെ 8 AM ന് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതാണ്.***

***(യോഗം രാവലെ 9.30-ന് അവസാനിച്ചു)***